## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

04.06.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 239

### ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. എം. ഷാജി. | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ഗെയിൽ വാതക പൈപ്പ് ലെയിൻ കടന്ന് പോകുന്ന പ്രദേശത്തെ ജനങ്ങൾക്കായി കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത് ; എന്തിന് വേണ്ടിയാണ് ഇത്തരമൊരു സേന രൂപീകരിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെ ആശങ്കകൾ ദൂരീകരിക്കുവാനും ഈ പദ്ധതിയുടെ ഗുണഫലങ്ങളെപ്പറ്റിയും നഷ്ടപരിഹാരങ്ങളെ സംബന്ധിച്ചും വിവരം നൽകുന്നതിനുമായി ഗെയിൽ ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കു മിടയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളായി പ്രവർത്തിക്കാൻ വേണ്ടിയാണ് ഗെയിൽ വാതക പൈപ്പ് ലൈൻ കടന്നുപോകുന്ന മലപ്പുറം, കോഴിക്കോട് ജില്ലകളിൽ 2017 നവംബർ 17 ന് കർമ്മസേന രൂപീകരിച്ചത്. |
| (ബി) | അലൈൻമെന്റ് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ പൂർണ്ണമായി ജനസുരക്ഷ ഉറപ്പാക്കി പുനർനിർണ്ണയി ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ജനവാസമേഖലയെ പരമാവധി ഒഴിവാക്കി ക്കൊണ്ടാണ് നിലവിലെ അലൈൻമെന്റ് കടന്നുപോകുന്നത്. 1962 ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഗെയിൽ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നതും പൈപ്പ് ലൈൻ വിന്യസിക്കുന്നതും, വീടുകളും അനുബന്ധ കെട്ടിടങ്ങളും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈനിനുവേണ്ടി സ്ഥലം ഏറ്റെടുത്തിരിക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടുപോലും പൊളിച്ചുമാറ്റേണ്ട ആവശ്യമില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരമൊരു കർമ്മസേനയുടെ പ്രവർത്തനഫലം വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നല്കമോ; | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന തിനുമുമ്പ് തന്നെ കർമ്മസേന അംഗങ്ങൾ മലപ്പുറം, കോഴിക്കോട് ജില്ലകളിലെ പദ്ധതിപ്രദേശത്ത് ചെന്ന് വീട്ടുവീടാന്തരം കയറി ജനങ്ങളോട് പൈപ്പ് ലൈനിനെക്കുറിച്ചും, അതിന്റെ സുരക്ഷയെയും ഗുണങ്ങളെക്കുറിച്ചും നഷ്ടപരിഹാരത്തുകയെക്കുറിച്ചും ബോധവൽക്കരണം നടത്തിയ തിന്റെയടിസ്ഥാനത്തിൽ ,നിലനിന്നിരുന്ന തെറ്റിദ്ധാരണ മാറ്റിയെടുക്കാൻ കർമ്മസേന യുടെ പ്രവർത്തനം വളരെയധികം സഹായകമായി. കർമ്മസേനയുടെ പ്രവർത്തനം ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനും പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതിക്കും വളരെയധികം സഹായിച്ചിട്ടുണ്ട്. |
| (ഡി) | ഇത് രൂപീകരിച്ചത് മുതൽ ഈ വകയിൽ നാളിതുവരെയായി ചിലവാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേകിച്ച് യാതൊരു തുകയും വിനിയോഗിച്ചിട്ടില്ല. |

Bindu.T

**സെക്ഷൻ ഓഫീസർ**